"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - ആലപ്പുഴ ജില്ല — കൊല്ലം അഴീക്കലിൽ മത്സ്യബന്ധന വള്ളം മറിഞ്ഞുള്ള അപകടത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്കും പരിക്കേറ്റവർക്കും സർക്കാർ നിർദ്ദേശപ്രകാരം അടിയന്തിര സാഹചര്യത്തിൽ കാർത്തികപ്പള്ളി തഹസിൽദാർ നൽകിയ ധനസഹായം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

G.O.(Rt)No.1051/2022/RD തീയതി,തിരുവനന്തപുരം, 11-03-2022

---

പരാമർശം:- ആലപ്പുഴ ജില്ലാകളക്ടറുടെ 23.09.2021-ലെ DCALP/6510/21-N1 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം അഴീക്കലിന് സമീപം 02.09.2021-ന് മത്സ്യബന്ധന വള്ളം മറിഞ്ഞ് മരണപ്പെട്ട 4 മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് 10,000/- രൂപ വീതം ആകെ 40,000/- രൂപയും പരിക്കേറ്റ 12 പേർക്ക് 5,000/- രൂപ വീതം ആകെ 60,000/- രൂപയും ഉൾപ്പെടെ 1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം) സർക്കാർ നിർദ്ദേശത്തെ തുടർന്ന് അടിയന്തിര സാഹചര്യത്തിൽ കാർത്തികപ്പള്ളി തഹസിൽദാർ നൽകിയിട്ടുള്ളതായും 1,00,000/- (ഒരു ലക്ഷം രൂപ മാത്രം) കാർത്തികപ്പള്ളി തഹസിൽദാർക്ക് തിരികെ നൽകുന്നതിലേയ്ക്കായി അനുവദിച്ച് നൽകണമെന്ന് പരാമർശ പ്രകാരം ആലപ്പുഴ ജില്ലാകളക്ടർ ആവശ്യപ്പെട്ടു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കൊല്ലം അഴീക്കലിന് സമീപം 02.09.2021-ന് മത്സ്യബന്ധന വള്ളം മറിഞ്ഞുള്ള അപകടത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും പരിക്കേറ്റവർക്കും സർക്കാർ നിർദ്ദേശത്തെ തുടർന്ന് അടിയന്തിര സാഹചര്യത്തിൽ കാർത്തികപ്പള്ളി തഹസിൽദാർ അനുവദിച്ച 1,00,000/- (ഒരു ലക്ഷം രൂപ മാത്രം) കാർത്തികപ്പള്ളി തഹസിൽദാർക്ക് നൽകുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ആലപ്പുഴ ജില്ലാകളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

3. വിതരണത്തിനാവശ്യമായി വരുന്ന തുകയായ 1,00,000/- (ഒരു ലക്ഷം രൂപ മാത്രം) ***"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"*** എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും ആലപ്പുഴ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാകളക്ടർ കാർത്തികപ്പള്ളി തഹസിൽദാർക്ക് തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടി സർക്കാരിനെ

അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEELA M
DEPUTY SECRETARY

ജില്ലാ കളക്ടർ, ആലപ്പുഴ

തഹസിൽദാർ, കാർത്തികപ്പള്ളി

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ജില്ലാ ട്രഷറി ഓഫീസർ, ആലപ്പുഴ (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.

റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

റവന്യൂ (ഡി.ആർ.എഫ്.-എ)/ഡി.ആർ.എഫ്.-ബി )വകുപ്പുകൾക്ക്

ഉത്തരവിൻ പ്രകാരം
Bindumol K N
സെക്ഷൻ ഓഫീസർ